"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി / അണ്ടർ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റം / നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1369/2025/GAD തീയതി,തിരുവനന്തപുരം, 26-03-2025

---

പരാമർശം:- 1. 13/01/2025 - ലെ സ.ഉ. (സാധാ) നം. 145 /2025/പൊ.ഭ.വ.

2. 07/02/2025 - ലെ സ.ഉ. (സാധാ) നം. 34 /2025/S&YA

**ഉത്തരവ്**

ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി / അണ്ടർ സെക്രട്ടറി തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും നിയമനവും ചുവടെ സൂചിപ്പിക്കും പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**118100-163400 രൂപ ശമ്പള സ്കെയിലിലുള്ള ജോയിന്റ് സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലംമാറ്റം / നിയമനം**

അന്യത്രസേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് 31.01.2025 - ൽ ധനകാര്യ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ജോയിന്റ് സെക്രട്ടറി ശ്രീ. ജയശങ്കർ കെ ജി (പെൻ: 104435) - യെ, ജോയിന്റ് സെക്രട്ടറി, ശ്രീ. ബി. അശോകന്, പരാമർശം (1) ഉത്തരവു പ്രകാരം അഡീഷണൽ സെക്രട്ടറി തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച് ധനകാര്യ വകുപ്പിൽ നിയമിതനായത് മൂലമുണ്ടായ ഒഴിവിൽ, കൃഷി വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വിജിലൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

**63700-123700 രൂപ ശമ്പള സ്കെയിലിലുള്ള അണ്ടർ സെക്രട്ടറി തസ്തികയിലേക്കുള്ള സ്ഥലംമാറ്റം / നിയമനം**

അന്യത്രസേവന കാലയളവ് കഴിഞ്ഞ് 01.02.2025 - ൽ ധനകാര്യ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അണ്ടർ സെക്രട്ടറി ശ്രീ.സുധീർ പുതിയപറമ്പത്ത് (പെൻ : 197581) —നെ, അണ്ടർ സെക്രട്ടറി ശ്രീമതി ജയന്തി റ്റി, പരാമർശം (2) ഉത്തരവ്പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ അക്കൗണ്ട്സ് ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കപ്പെട്ടതു മൂലമുണ്ടായ ഒഴിവിൽ, സർ വ്വേ & ലാൻഡ് റെക്കോർഡ്സ് ഡയറക്ടറുടെ

കാര്യാലയത്തിൽ ഫിനാൻസ് ഓഫീസർ തസ്തികയിൽ നിയമിക്കുന്നു.

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആർ.റ്റി.സി. പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പിൽ ഹാജരാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ധനകാര്യ വകുപ്പ് മുഖേന)
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സർവ്വേ & ലാൻഡ് റെക്കോർഡ്സ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 26-03-2025 17:00:05
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പി.എസ് - ന്
ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്